# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 151

6.01.2014- ൽ മറുപടിക്ക്

## കൊച്ചി ഔട്ടർ ഹാർബർ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എൻ.ജയരാജ് :<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി.സി.ജോർജ്ജ് : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കൊച്ചിയിൽ ഔട്ടർ ഹാർബർ പദ്ധതി ആരംഭിക്കുന്നതു സംബന്ധിച്ച തീരുമാനം വ്യക്തമാക്കുമോ; | (എ) | കൊച്ചിയിലെ പുതുവൈപ്പിൻ ഭാഗത്ത് ഔട്ടർ ഹാർബർ പദ്ധതി ആരംഭിക്കുന്നതിന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. Chennai IIT യും, പുനയിലെ Central Water Power Research Station (CWPRS) നും ഔട്ടർ ഹാർബർ പദ്ധതി സംബന്ധിച്ച് പഠനം നടത്തുകയും ടി പദ്ധതി സാങ്കേതികമായി നടപ്പാക്കാൻ സാധിക്കുന്നതാണെന്നും പഠന റിപ്പോർട്ടിൽ വ്യക്തമാക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് പ്രകാരം മുംബെയിലുള്ള M/s Maritime Consultancy Private Ltd നെ പദ്ധതിയുടെ സാധ്യതാ പഠനത്തിനായി ചുമതലപ്പെടുത്തുകയും അവർ സമർപ്പിച്ച റിപ്പോർട്ടിൽ കൊച്ചിയിൽ ഔട്ടർ ഹാർബർ പദ്ധതി സാങ്കേതികമായും സാമ്പത്തികമായും നടപ്പിലാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

(സി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(സി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് Export Oriented refinery / Oil trading hub സ്ഥാപിക്കുന്നതിനായി യോഗ്യരായ ഏജൻസികളിൽ നിന്നും Expression of Interest (EOI) ക്ഷണിക്കുകയുണ്ടായി. കൂടാതെ ഔട്ടർ ഹാർബർ പദ്ധതി നടത്തിപ്പിൽ താല്പര്യം പ്രകടിപ്പിച്ച ഇന്ത്യൻ നേവിയുമായി സഹകരിക്കുന്നത് സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ